No. 1148/5LLB/2013/TA2/CEE

**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

## വിജ്ഞാപനം

## ഇന്റഗ്രേറ്റഡ് പഞ്ചവൽസര എൽ.എൽ.ബി കോഴ്സ് പ്രവേശനം 2013-14

## കോടതി നിർദ്ദേശപ്രകാരം ഉയർന്ന പ്രായപരിധി പിൻവലിച്ചു

27.06.2013 ലെ W.P.(C) No.15873/2013 ൻമേലുള്ള ഇടക്കാല ഉത്തരവ് പ്രകാരം, 2013-14 ലെ ഇന്റഗ്രേറ്റഡ് പഞ്ചവൽസര എൽ.എൽ.ബി കോഴ്സ് പ്രവേശനത്തിന് താൽപര്യമുള്ള എല്ലാ അപേക്ഷാർത്ഥികളുടേയും അപേക്ഷകൾ പ്രായപരിധി നോക്കാതെ സ്വീകരിച്ച് താൽക്കാലികമായി പരിഗണിക്കാൻ ബഹുമാനപ്പെട്ട ഹൈക്കോടതി നിർദ്ദേശിച്ചിരിക്കുന്നു. അതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത കോഴ്സിന്റെ പ്രവേശനത്തിനായി നിശ്ചയിച്ചിരുന്ന ഉയർന്ന പ്രായപരിധി പിൻവലിച്ചിരിക്കുന്നു.

2013-14 ഇന്റഗ്രേറ്റഡ് പഞ്ചവൽസര എൽ.എൽ.ബി കോഴ്സ് പ്രവേശനത്തിന് പുതുതായി അപേക്ഷിക്കുവാൻ ആഗ്രഹിക്കുന്നവർക്ക് പ്രായപരിധി നോക്കാതെ പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിലൂടെ **28.06.2013 മുതൽ 03.07.2013 വൈകുന്നേരം 3** മണിവരെ ഓൺലൈനായി അപേക്ഷ സമർപ്പിക്കാവുന്നതാണ്. ഓൺലൈനായി സമർപ്പിച്ച അപേക്ഷയുടെ പ്രിന്റൗട്ട് അനുബന്ധ രേഖകൾ സഹിതം **03.07.2013 വൈകുന്നേരം 5 മണി**ക്കു മുമ്പ് നേരിട്ടോ/രജിസ്ട്രേഡ് തപാൽ/സ്പീഡ് പോസ്റ്റ് മുഖാന്തിരമോ **കമ്മീഷണർ ഫോർ എൻട്രൻസ് എക്സാമിനേഷൻസ്, ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തിനഗർ, തിരുവനന്തപുരം - 695 001** എന്ന വിലാസത്തിൽ എത്തിക്കേണ്ടതാണ്.

പരീക്ഷയുമായി ബന്ധപ്പെട്ട മറ്റു നിബന്ധനകൾ ഈ ഓഫീസിന്റെ 13.06.2013 ലെ ഇതേ നമ്പരിലെ വിജ്ഞാപനവും, 2013 ലെ ഇന്റഗ്രേറ്റഡ് പഞ്ചവൽസര എൽ.എൽ.ബി കോഴ്സ് പ്രവേശനത്തിനുള്ള പ്രോസ്പെക്ടസും പ്രകാരം ആയിരിക്കും. ഇവ വെബ്സൈറ്റിൽ ലഭ്യമാണ്.

**തിരുവനന്തപുരം**

28.06.2013

**പ്രവേശന പരീക്ഷാ കമ്മീഷണർ**